(ബി) ഓരോ സംഘടനയും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

42 (1416) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമവികസന വകുപ്പ് തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വിവരം ലഭ്യമാക്കുമോ?

ഉത്തരം

നടപ്പാക്കിയ പദ്ധതികൾ	ചെലവഴിച്ച തുക
ഇന്ദിരാ ആവാസ് യോജന	11,23,07,000
മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	11,56,58,000
മഹിളാ കിസാൻ സശാക്തികരൺ പരിയോജന	16,90,000

പി.എം.ജി.എസ്.വൈ-2

43 (1417) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-2 പ്രകാരം 2013-ൽ സംസ്ഥാനത്തിന് അനുവദിച്ച 570 കി.മീ. റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ, കണ്ണൂർ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പേരു വിവരം അറിയിക്കുമോ;

(ബി) ഡി.പി.ആർ. സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്ന് സമർപ്പിക്കാൻ സാധിക്കും?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച 570 കി.മീ. റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

ബ്ലോക്ക്	റോഡിന്റെ പേര്	നീളം
പേരാവൂർ	കല്ലടിമുക്ക് ആറ്റാഞ്ചേരി കിഴക്കേമാവടി തുണ്ടിയിൽ റോഡ്	5.61
ഇരിക്കൂർ	പുറവയൽ അങ്ങാടിശ്ശേരിത്തട്ട് അറബിക്കുളം രണ്ടാംകൈ കോളിത്തട്ട് റോഡ്	7.17
പയ്യന്നൂർ	കാര്യപ്പള്ളി-പടേന റോഡ്	3.882
പയ്യന്നൂർ	കോയിപ്ര തളിച്ചാൽതെന്നം റോഡ്	3.385
പയ്യന്നൂർ	ചെറുപുഴ പാമ്പൻക്കല്ല് തുണ്ടിയിൽ മുളപ്ര റോഡ്	2.87
തളിപ്പറമ്പ്	പാച്ചാനി കുത്തമ്പലം വട്ട്യാറ റോഡ്	5.934
തളിപ്പറമ്പ്	പോക്കുണ്ട് കുനംകുളത്തൂർ റോഡ്	11.965

(ബി) വിശദമായ പ്രോജക്ട് റിപ്പോർട്ട് അനുമതിക്കായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

നബാർഡ് ആർ.ഐ.ഡി.എഫ്.(RIDF) പ്രവൃത്തികൾ

44 (1418) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡ് ആർ.ഐ.ഡി.എഫ്. (RIDF)-ൽ ഉൾപ്പെടുത്തി പുതുതായി പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് പരിഗണനയിലുള്ളതെന്നും അവയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലുൾപ്പെടുന്ന പെരുമ്പടപ്പ്-കരിപ്പൂർ കോലാർ തൊട്ടി റോഡ് നവീകരണ പ്രവൃത്തിയാണ് ടാഞ്ചെ XXI-ൽ ഉൾപ്പെടുത്തുന്നതിന് പരിഗണനയിലുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചതിൽ 20% തുക നീക്കിവെച്ചുകൊണ്ടുള്ള ഗ്രാമ പഞ്ചായത്തിന്റെ കമ്മിറ്റി തീരുമാനം ലഭ്യമായിട്ടില്ല.

1436/2018.